**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 17** **01-02-2023 - ൽ മറുപടിയ്ക്ക്**

**ക്രിമിനൽ നടപടികളിൽ ഏർപ്പെട്ടിട്ടുള്ളതായി കണ്ടെത്തുന്ന പോലീസുകാർക്കെതിരെ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു.എ.ലത്തീഫ്,<br>ശ്രീ . എൻ . ഷംസുദ്ദീൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് പോലീസ് സേനയിൽ ഗുണ്ടാ മാഫിയ ബന്ധമുള്ളവരും അവിഹിത സ്വത്ത് സമ്പാദിച്ചവരുമായ പോലീസ് ഉദ്യോഗസ്ഥർ ഉള്ളതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച് അന്വേഷണം നടത്തുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ ; | (എ) | സംസ്ഥാനത്ത് പോലീസ് സേനയിലെ 14 ഉദ്യോഗസ്ഥർ ഗുണ്ടകൾ/സ്ഥിരം കുറ്റവാളികളുമായി ബന്ധം സ്ഥാപിച്ചിട്ടുള്ളതായി വിവരം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഉദ്യോഗസ്ഥരെ സസ്പെന്റ് ചെയ്ത് അന്വേഷണം നടത്തി വരുന്നു.<br><br>സംസ്ഥാനത്ത് പോലീസ് സേനയിൽ ഗുണ്ടാമാഫിയ ബന്ധമുള്ളതായും അവിഹിത സ്വത്ത് സമ്പാദിക്കുന്നതായും ആരോപിക്കപ്പെട്ട സർവ്വീസിലുള്ളവരും വിരമിക്കപ്പെട്ടവരുമായ 23 ഉദ്യോഗസ്ഥർക്കെതിരെ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ വിവിധ യൂണിറ്റുകളിൽ അന്വേഷണം നടന്നു വരുന്നു. |
| (ബി) | ക്രിമിനൽ നടപടികളിൽ ഏർപ്പെട്ടിട്ടുള്ളതായി കണ്ടെത്തുന്ന പോലീസുകാരെ ക്രമസമാധാന പരിപാലന ഡ്യൂട്ടിയിൽ നിന്നും ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ; | (ബി) | ക്രിമിനൽ നടപടികളിൽ ഏർപ്പെടുന്നതായി കണ്ടെത്തുന്ന പോലീസ് ഉദ്യോഗസ്ഥരെ കുറ്റകൃത്യത്തിന്റെ സ്വഭാവമനുസരിച്ച് സസ്പെന്റ് ചെയ്ത് മാറ്റി നിർത്തി വരുന്നു. കൂടാതെ നിരന്തരം കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്ന പോലീസ് ഉദ്യോഗസ്ഥരെ കേരള പോലീസ് ആക്ട്, KPDIP & A Rules എന്നിവ പ്രകാരം പിരിച്ചു വിടുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 21 പോലീസ് ഉദ്യോഗസ്ഥരെ Removal/Dismissal ചെയ്തിട്ടുണ്ട്. 3 പോലീസ് ഉദ്യോഗസ്ഥർക്ക് കാരണം കാണിക്കൽ നോട്ടീസ് നൽകിയിട്ടുണ്ട്. |
| (സി) | കുറ്റക്കാരെന്ന് കണ്ടെത്തുന്നവർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ? | (സി) | 1958-ലെ കേരളാ പോലീസ് (വകുപ്പുതല അന്വേഷണങ്ങളും ശിക്ഷയും അപ്പീലും) ചട്ടങ്ങളിൽ നിഷ്കർഷിക്കും വിധമുള്ള ശിക്ഷാ നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ ഗുരുതര സ്വഭാവമുള്ള കുറ്റകൃത്യങ്ങളിൽ ഏർപ്പെട്ടവരെയും നിരന്തരം ക്രിമിനൽ കുറ്റങ്ങളിൽ ഏർപ്പെടുന്നവരെയും സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതടക്കമുള്ള |

| | | | |
|---|---|---|---|
| | | | നടപടികൾ കേരള പോലീസ് ആക്റ്റിലെ ബന്ധപ്പെട്ട വകുപ്പുകൾ പ്രകാരം സ്വീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ